**കേരള സർക്കാർ**

തദ്ദേശ സ്വയംഭരണ (ഇ.ഡബ്ല്യു) വകുപ്പ്

നം.ഇ.ഡബ്ല്യു3/104/2019-തസ്വഭ.

തിരുവനന്തപുരം,
തീയതി, 24-07-2019.

## സർക്കുലർ

**വിഷയം:-** തസ്വഭ.- എഞ്ചിനീയറിംഗ് വിഭാഗം - സ്കൂളുകൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് സൂപ്പർവിഷൻ ചാർജ്ജ് ഈടാക്കുന്നത് - സംബന്ധിച്ച്.

**സൂചന:-** 12.09.2011 ലെ 42448/ഇ.ഡബ്ല്യു3/2011/തസ്വഭ നമ്പർ സർക്കാർ സർക്കുലർ.

എയ്ഡഡ്/അൺഎയ്ഡഡ് സ്കൂളുകളുകൾക്ക് ആദ്യ തവണ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന് സൂപ്പർവിഷൻ ചാർജ്ജായി 1.25% തുക ഈടാക്കുന്നത് സംബന്ധിച്ച് വിശദമായ നിർദ്ദേശങ്ങൾ ഉൾകൊള്ളിച്ച് കൊണ്ട് സൂചന പ്രകാരം സർക്കലർ പുറപ്പെടുവിച്ചിരുന്നു. മേൽ സർക്കുലറിലെ നിബന്ധനകൾക്ക് വിധേയമായി സ്കൂൾ കെട്ടിടങ്ങൾക്ക് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ ഉദ്ദേശം തന്നെ കെട്ടിടത്തിന്റെ തുടക്കം മുതലുള്ള നിർമ്മാണ പ്രവൃത്തികൾ നിയമപ്രകാരമുള്ള അംഗീകൃത ഗുണനിലവാരത്തിനും, കോഡുകൾക്കും അനുസൃതമായി ബലവത്തും, ഈട്ടുറ്റതും ആയുള്ള നിർമ്മിതിയാണെന്നു സാക്ഷ്യപ്പെടുത്തുന്നതിനു വേണ്ടിയാണ്.

എന്നാൽ പ്രസ്തുത സർക്കുലറിലെ നിബന്ധനകൾ യഥാസമയം പാലിക്കാതെ, ഫിറ്റ്നസ് സർട്ടിഫിക്കറ്റുകൾ ലഭ്യമാകുന്നതിനുണ്ടായ കാലതാമസം മാപ്പാക്കാനായി നിരവധി നിവേദനങ്ങൾ സർക്കാറിൽ ലഭിച്ചുകൊണ്ടിരിക്കുന്നു. ഇത് സർക്കലറിന്റെ ഉദ്ദേശത്തെ തന്നെ ചോദ്യം ചെയ്യുന്നതും നിരർത്ഥകമാക്കുന്നതുമാണ്. ഈ സാഹചര്യത്തിൽ, സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മിതിയിൽ കർശനമായ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി മേൽ സർക്കുലറിലെ നിബന്ധനകൾ കർശനമായി പാലിക്കുവാൻ ഇതിനാൽ നിർദ്ദേശം നൽകുന്നു.

**മിനിമോൾ എബ്രഹാം**
അഡീഷണൽ സെക്രട്ടറി

ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയം ഭരണ വകുപ്പ്,
തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ (എഫ്) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

*[പകർപ്പ് എല്ലാ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കും ലഭ്യമാക്കേണ്ടതാണ് ]*

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ